ഗുരുമാർഗം

ബോധം എങ്ങും നിറഞ്ഞു തിങ്ങുന്ന സന്പൂർണ വസ്തുവാണെന്ന് തീരുമാനമായാൽ അറിവിൽ നിന്ന് ഭിന്നമായ ഒന്ന് എവിടെയാണിരിക്കുക.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

പുണർതം 24 - 48
ദ്വാദശി 03 - 26
ത്രയോദശി 55- 09
1940 മാഘം 28
1440 ജമാദുൽ ആഖിർ 13
1194 കുംഭം 05

മതം മാറും മുമ്പേ

മാനവദർശനം

മുനി നാരായണ പ്രസാദ്

ഒരു സന്ദർശകൻ. ചിലപ്പോഴൊക്കെ കാണാൻ വരാറുള്ളയാൾ. ക്രിസ്തുമതവിശ്വാസി. ക്രൈസ്തവദർശനത്തെ സംബന്ധിച്ച് ക്ലാസുകൾ നടത്തുന്നയാൾ. എന്നാലും അദ്ദേഹത്തിന്റെ കൂടുതൽ വിവരങ്ങളൊന്നും അറിയില്ല.

ഇത്തവണ വന്നപ്പോൾ പറയുന്നു,

''സുവിശേഷങ്ങൾ വേദാന്തദൃഷ്ടിയിൽ' എന്ന പുസ്തകം ഞാൻ പലയാവർത്തി വായിച്ചു. ചിലർക്കൊക്കെ അതു വാങ്ങിച്ചു കൊടുക്കുകയും ചെയ്തു. എന്നാൽ ആ പുസ്തകം പഠിച്ചതോടെ ഞാനൊരു വലിയ മനഃപ്രയാസം നേരിടുകയാണ്.'

''എന്താണത്?'

''ഞാൻ ഹിന്ദുവായി ജനിച്ചയാളാണ്. ക്രിസ്തുമതം സ്വീകരിച്ചത് അബദ്ധമായിപ്പോയെന്നൊരു തോന്നൽ! ഹൈന്ദവദർശനത്തിന്റെ ഹൃദയവിശാലത അറിയാതെയാണല്ലോ ഞാൻ ക്രിസ്ത്യാനിയായത്. ബൈബിളിൽ ആകൃഷ്ടനായാണ് ഞാനിതു ചെയ്തത്. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന ജീവിതദർശനപ്രകാരമുള്ള ക്രിസ്തുമതമല്ല ഇന്നു നിലനില്ക്കുന്നത്. മതപരമായി മറ്റൊരു വശത്തേക്കും നോക്കാൻ അനുവദിക്കാത്ത തരം വളരെ ഇടുങ്ങിയ മനോഭാവമാണ് നിലവിലുള്ള ക്രിസ്തുമതത്തിനുള്ളത്. ഹൈന്ദവദർശനമാകട്ടെ, തുറന്ന മനസോടെ സകലതിനെയും ഉൾക്കൊള്ളുന്ന വിശാലതയുള്ളതാണ്. അതൊന്നും മനസിലാക്കാതെയാണല്ലോ ഈ ഇടുങ്ങിയ മനഃസ്ഥിതിയുള്ള മതത്തിൽ ഞാൻ ചെന്നുപെട്ടത് എന്ന വിചാരം എന്നെ അലട്ടുന്നു. എന്റെ വീട്ടുകാരാകട്ടെ യാഥാസ്ഥിതിക ക്രിസ്ത്യാനികളാണ്. എന്റെ കാല്പാടുകൾ അവർക്ക് ഒട്ടും ഇഷ്ടമല്ല. അതുകൊണ്ടുതന്നെ കുടുംബജീവിതവും സുഖകരമല്ല.'

''ഇതിന് എന്റെ കൈവശം പരിഹാരമൊന്നുമില്ല. ആരായാലും മതം മാറുന്നതിനു മുമ്പ്, ഏതു മതസാഹചര്യത്തിലാണോ താൻ വന്നു പിറന്നിരിക്കുന്നത് അതിലെ ജീവിതദർശനത്തെ വേണ്ടവണ്ണം അറിഞ്ഞതിനുശേഷം മതപരിവർത്തനം വേണമോ എന്നു തീരുമാനിക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ പിന്നീട് മനസ്താപം അനുഭവിക്കേണ്ടിവരും.

''ഒരു കാര്യം മനസിലാക്കണം. ഹിന്ദുമതം ഉൾപ്പെടെയുള്ള എല്ലാ മതങ്ങളെയും ഈ രോഗം ബാധിച്ചിട്ടുണ്ട്. അനുവർത്തിച്ചു പോരുന്ന ചില വിശ്വാസപ്രമാണങ്ങളുടേതും ആചാരങ്ങളുടേതുമായ ഇടുങ്ങിയ ചട്ടക്കൂടിൽ നിന്നുകൊണ്ട് വീക്ഷിച്ച് മറ്റു മതങ്ങളെ വെറുക്കുന്നതും, സ്വന്തം മതത്തിലേക്ക് ആളെക്കൂട്ടുന്നതുമായ പ്രവണത എല്ലാ മതങ്ങളിലും ഇപ്പോൾ നിലവിലുണ്ട്. പ്രവാചകന്മാരോ ഋഷിമാരോ മനുഷ്യരാശിക്ക് ഇത്തരമൊരു സംസ്കാരമുണ്ടാകുന്നതിനുള്ള സാദ്ധ്യത സ്വപ്നം കാണുകപോലും ചെയ്തിട്ടുണ്ടാവില്ല. ഋഷിമാരോ പ്രവാചകന്മാരോ ഇന്ന് തിരികെ വന്നാൽ അവർ കാണുന്നത് അവരുടെ പേരിൽ പ്രചരിപ്പിച്ചുപോരുന്ന മതത്തിനു പുറത്താണല്ലോ നമ്മൾ എന്നായിരിക്കും. നിലവിലുള്ള മതങ്ങൾ അവരെ തിരികെ ഉൾക്കൊണ്ടാൽ 'പല മതസാരവുമേകം' എന്ന് അവരും ജനങ്ങളും കണ്ടെത്തും.'

വടക്ക് നിന്ന് തെക്കോട്ടൊരു യാത്ര



വാരവിശേഷം

ദ്രോണർ

മഹാത്മ മുല്ലപ്പള്ളി ഗാന്ധി വടക്കുനിന്ന് തെക്കോട്ടൊരു യാത്ര നടത്തുന്നതും മഹാത്മഗാന്ധി ദണ്ഡിയാത്ര നടത്തി ഉപ്പുകുറുക്കിയതും ഒന്നുപോലെയാണ്. കൈയിലൊരു ഉപ്പുചാക്ക് കരുതിയാണ് മഹാത്മ മുല്ലപ്പള്ളി ഗാന്ധി സദാപി സഞ്ചരിക്കാറ്. ആ ചാക്കിനകത്ത് ചന്ദ്രഗിരിപ്പുഴ തൊട്ട് തെക്ക് കരമനയാറ് വരെയുള്ള കടവുകളിൽ നിന്ന് കുറുക്കിയെടുത്ത ഉപ്പാണെന്ന രഹസ്യമറിയാവുന്നത് കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ ഗാന്ധിക്ക് മാത്രമാണ്. മഹാത്മഗാന്ധി ദണ്ഡിയാത്ര നടത്തി എന്ന് രേഖപെടുത്തി വച്ചതുപോലെ ചരിത്രകാരന്മാർ മുല്ലപ്പള്ളി ഗാന്ധി ജനമഹായാത്ര നടത്തി എന്ന് രേഖപെടുത്തി വച്ചിട്ടുണ്ടെങ്കിലും അത് പരസ്യപെടുത്തിയിട്ടില്ല. ജനമഹായാത്ര ഒരു കരയ്ക്കെത്താതെ അത് ചെയ്യുന്നത് ശരിയാവില്ലെന്നത് കൊണ്ടാണത്. ഫെബ്രുവരി 28ന് തിരോന്തോരത്ത് പുത്തരിക്കണ്ടത്ത് ആ യാത്ര ഒരുവിധം കരയ്ക്കടുക്കുമെന്നും അതിന്റെ പിറ്റേന്ന് ചരിത്രം പിറക്കുമെന്നുമാണ് കെ.പി.സി.സിയിലെ പാലോട്രവി തൊട്ടിങ്ങോട്ടുള്ള സാഹിത്യവല്ലഭന്മാരും ചരിത്രാന്വേഷകരും അടക്കം പറയുന്നത്.

ജനമഹായാത്രയിൽ മുല്ലപ്പള്ളി ഗാന്ധിയുടെ കൈയിലെ ഉപ്പ് ചാക്ക് പോലെ തന്നെ പ്രധാനമാണ് നോട്ടെണ്ണൽ യന്ത്രവുമെന്നാണ് ചരിത്രകാരന്മാരുടെ മറ്റൊരു നിരീക്ഷണം. മണ്ഡലം കമ്മിറ്റികൾ പിരിച്ചുകൊടുക്കുന്ന പന്ത്രണ്ടായിരം ഉറുപികകിറുകൃത്യമാണോ എന്ന് ഉറപ്പിക്കുന്നത് ഈ നോട്ടെണ്ണൽ യന്ത്രത്തിൽ എണ്ണിത്തിട്ടപെടുത്തിയിട്ടാണ്. ഇത് കെ.എം. മാണിസാറിന്റെ വകയായിരുന്നത് കെ.പി.സി.സിയിലേക്ക് കണ്ടുകെട്ടിയതാണെന്ന് കോടിയേരി സഖാവ് പറഞ്ഞുനടക്കുന്നുണ്ട്. മാണിസാറിന് പണ്ടെങ്ങോ ബാറിടപാടിൽ തടഞ്ഞ ഗാന്ധിത്തലകൾ എണ്ണാൻ കരുതിവച്ചതാണെന്നാണ് സഖാവിന്റെ കണ്ടെത്തൽ. സഖാവിന് സഖാവിന്റേതായ ഇന്റലിജന്റ്സ് വൃത്തങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് പറഞ്ഞുനടക്കുന്നതെങ്കിലും മുല്ലപ്പള്ളി ഗാന്ധി അത് കാര്യമാക്കിയിട്ടില്ല.

പക്ഷേ ചില മണ്ഡലം കമ്മിറ്റികൾ ചെയ്ത ചെയ്ത്ത് ക്രൂരമായിപ്പോയി. നോട്ടെണ്ണൽയന്ത്രത്തിൽ തിരിച്ചും മറിച്ചും എണ്ണിയിട്ടും ഈ കമ്മിറ്റിക്കാർ പിരിച്ചുകൊടുത്ത ദ്ദ് ഏഴായിരത്തിനപ്പുറത്തേക്ക് കടക്കുന്നില്ലത്രെ. അങ്ങനെയാണ് കൈയോടെ കാസർകോട്ടെ ചില മണ്ഡലംകമ്മിറ്റികളെ പിരിച്ചുവിടാൻ മുല്ലപ്പള്ളി ഗാന്ധി നിർബന്ധിതനായത്. തിരഞ്ഞെടുപ്പുകാലത്ത് നയാപൈസ കൈയിലില്ലാതെ ഗാന്ധിക്കെങ്ങനെയാണ് കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കുക? പത്താം നമ്പർ ജനപഥിലും രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടുന്ന പാട് ചില്ലറയല്ല. അതുകൊണ്ട് മുല്ലപ്പള്ളി ഗാന്ധിക്ക് സ്വയംപര്യാപ്തമാവാതെ പറ്റില്ല. അങ്ങനെയാണ് മണ്ഡലം കമ്മിറ്റിക്കാരോട് കാലണവീതം പിരിച്ച് പന്ത്രണ്ടായിരം തികച്ച് നൽകാൻ ആവശ്യപ്പെട്ടത്.

ഇന്നത്തെ കാലത്ത് കാലണ തന്നെ പിരിക്കാൻ പെടുന്ന പാട് ചില്ലറയല്ലെങ്കിലും മണ്ഡലക്കാർ പരമാവധി ആഞ്ഞുപിടിച്ചെന്നാണ് പറയുന്നത്. പക്ഷേ എന്തു ചെയ്യാനാണ്! മുല്ലപ്പള്ളി ഗാന്ധിക്ക് ആ വേദന മനസിലാവില്ല. ഉപ്പ് കുറുക്കുന്ന ലാഘവത്തോടെ മണ്ഡലം കമ്മിറ്റികളെ പിരിച്ചുവിടാനൊരുമ്പെട്ടത് അതിനാലാണ്.

തിരഞ്ഞെടുപ്പുകാലത്ത് ഉള്ള കമ്മിറ്റികളെ കൂടി പറഞ്ഞുവിട്ടാൽ കഥയെന്താകുമെന്ന് ചോദിച്ചാൽ ഒരന്തവും കുന്തവും പിടികിട്ടിയെന്ന് വരില്ല. പക്ഷേ, പൂച്ച പെറ്റു കിടക്കുന്ന ഇന്ദിരാഭവനിലെ ഖജനാവിനെ നോക്കുമ്പോൾ കണ്ണ് നിറയുന്ന ഗാന്ധിക്ക് ഇതല്ലാതെ പിന്നെന്ത് വഴി! തിരഞ്ഞെടുപ്പാണെങ്കിൽ ഇങ്ങടുത്തെത്തുകയും ചെയ്തു.

ഇങ്ങനെ പോയാൽ തിരുവനന്തപുരത്ത് ജനമഹായാത്ര എത്തുമ്പോൾ മണ്ഡലംകമ്മിറ്റികളൊന്നും ബാക്കിയുണ്ടാവില്ലെന്ന കോടിയേരി സഖാവിന്റെ പരിഹാസം കണ്ണിൽ ചോരയില്ലാത്തതാണ്. പട്ടിണി കിടക്കുന്നവനേ വിശപ്പിന്റെ വിലയറിയൂ.

■

മാണിസാറിന്റെ ഇരിപ്പുകൃഷി വിരിയുന്നത് ജോസ് മോന്റെ കേരളയാത്ര ഒരു കരയ്ക്കടുക്കുമ്പോഴാണെന്ന് മനസിലാകാത്തവരാരും ഈ ഭൂലോകത്ത് ജീവിച്ചിരിപ്പുണ്ടാവില്ല. ആ കൃഷി വിരിഞ്ഞാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും അത് സൃഷ്ടിക്കാനിടയുള്ള കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും പുഷ്പകൃഷി തൊട്ട് കന്നുകാലിവളർത്തൽ വരെ ശീലമുള്ള പി.ജെ. ജോസഫിന് ആരും പറഞ്ഞ് കൊടുക്കേണ്ടതുമില്ല.

ആ കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുത്തു നിറുത്താനാണ് മഹാത്മഗാന്ധിയുടെ രക്തസാക്ഷിത്വദിനത്തിൽ ജോസഫ് സാർ പ്രാർത്ഥനായജ്ഞം നടത്തിയത്. എന്നാൽ, ജോസഫിനെയും വെല്ലുന്ന കർഷകശ്രീമാനായ മാണിസാറിന് ഈ പ്രാർത്ഥനായജ്ഞം കണ്ടിട്ട് മനസിൽ ചിരി പൊട്ടുകയായിരുന്നുവത്രെ. ജോസ് മോന്റെ ജാഥ തിരഞ്ഞെടുപ്പ് കാലത്ത് സർവസാധാരണമല്ലെന്ന് ജോസഫ്സാറിന് നല്ലപോലെ അറിയാം. വർക്കിംഗ് ചെയർമാന്റെ വർക്കുകളെ ഇല്ലാതാക്കാനുള്ള കുരുട്ടുവിദ്യയാണ് അതെന്നാണ് ജോസഫിന്റെ ബോദ്ധ്യം.

കർണ്ണൻ കവചകുണ്ഡലങ്ങൾ ദാനം ചെയ്തതിന് ശേഷമുണ്ടായ ഏറ്റവും വലിയ ദാനമായിരുന്നല്ലോ കോൺഗ്രസിന്റെ രാജ്യസഭാ സീറ്റ് ദാനം. ആ സീറ്റ് മാണിസാർ കൈപ്പറ്റി കൈയോടെ ജോസ് മോന് കൈമാറിയതാണ്. കൈപ്പറ്റുന്നതും കൈമറിയുന്നതും പോലും ആരും കണ്ടിട്ടില്ലെന്നാണ് പറയുന്നത്. കോട്ടയം ലോകസഭാ സീറ്റ് ഇനി മാണിസാർ ആർക്കാണ് പതിച്ചു നൽകുക എന്നതിലെ ആധി കലശലായ മാത്രയിലാണ് ജോസഫിൽ ചില കാലാവസ്ഥാ വ്യതിയാന ആകുലതകൾ ഉരുണ്ടുകൂടിയത്. വർക്കിംഗ് ചെയർമാനായ താനിരിക്കുമ്പോൾ വൈസ് ചെയർമാനായ ജോസ്മോൻ ചെയർമാനായാൽ അതൊരു ലക്ഷണമൊത്ത കാലാവസ്ഥാവ്യതിയാനം തന്നെയാണ്. തലയിരിക്കുമ്പോൾ വാല് ആടരുതല്ലോ. ലോക്സഭാ തിരഞ്ഞെടുപ്പം ജോസ്മോന്റെ ജാഥയും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധമേയുള്ളൂ എന്ന് ജോസഫ്സാർ ചിന്തിക്കുന്നതും ഇത്തരം ആകുലതകളുള്ളതിനാലാണ്.

ഇ-മെയിൽ: dronar.keralakaumudi@gmail.com

നീതിപീഠത്തിന്റെ അന്തസ് ഉയർത്തിയ ശിക്ഷ

നീതിപീഠത്തിലുള്ള ജനങ്ങളുടെ അചഞ്ചല വിശ്വാസം നിലനിറുത്തുന്നത് കോടതികളുടെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനം ഉറപ്പാക്കപ്പെടുമ്പോഴാണ്. നീതിപീഠങ്ങളിൽ നിന്നുണ്ടാകുന്ന വിധിതീർപ്പുകൾ ഏവർക്കും ഒരുപോലെ സ്വീകാര്യമായിരിക്കണമെന്നില്ല. എതിർപ്പുള്ളപ്പോഴും വിധി അംഗീകരിക്കുകയെന്നതാണ് നീതിന്യായ വ്യവസ്ഥിതി പുലർത്തുന്ന രാജ്യത്ത് പരക്കെയുള്ള നാട്ടുനടപ്പ്. കോടതിയുടെ നിഷ്പക്ഷതയ്ക്കും സ്വാതന്ത്ര്യത്തിനും വിഘാതമായ നേരിയൊരു കാര്യമുണ്ടായാൽത്തന്നെ അതു സൃഷ്ടിക്കാനിടയുള്ള അപകടം വളരെ വലുതാണ്. നീതിപീഠത്തിലിരിക്കുന്നതും മനുഷ്യർ തന്നെയാകയാൽ ദുർലഭമായെങ്കിലും ചില തെറ്റുകൾ സംഭവിക്കാറുണ്ട്. തൽക്ഷണം തന്നെ അത്തരം തെറ്റുകൾ തിരുത്തപ്പെടാറുമുണ്ട്. കോടതികളോട് ജനങ്ങൾക്കുള്ള വിശ്വാസവും ആദരവും ഊട്ടിയുറപ്പിക്കുന്നത് ഇതുപോലുള്ള സംഭവങ്ങളാണ്. ഇപ്പോൾ ഇതു പറയാൻ കാരണം കഴിഞ്ഞയാഴ്ച സുപ്രീംകോടതിയിലെ അസിസ്റ്റന്റ് രജിസ്ട്രാർ പദവിയുള്ള രണ്ട് ഉദ്യോഗസ്ഥന്മാരെ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ് ഒറ്റയടിക്ക് പിരിച്ചുവിട്ടതായ വാർത്ത മാദ്ധ്യമങ്ങൾ അതീവ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചതു കണ്ടതുകൊണ്ടാണ്. വ്യവസായ പ്രമുഖനായ അനിൽ അംബാനിക്കുവേണ്ടി കോടതി ഉത്തരവ് തിരുത്തിയതിന്റെ പേരിലാണ് അത്യസാധാരണമായ ഈ ശിക്ഷാ നടപടി. റിലയൻസ് കമ്മ്യൂണിക്കേഷൻ എന്ന ടെലികോം കമ്പനിയുടെ അധിപനായ അനിൽ അംബാനി ഉൾപ്പെടെയുള്ളവർ കോർട്ടലക്ഷ്യ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ നേരിട്ടു ഹാജരാകണമെന്നായിരുന്നു ഹർജിയിൽ വാദം കേട്ട രോഹിങ്ടൻ നരിമാൻ, വിനീത് സരൺ എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ ഉത്തരവ്. തുറന്ന കോടതിയിൽ ബെഞ്ചിൽ നിന്നുണ്ടായ ഈ ഉത്തരവ് കുറിച്ചെടുത്ത് പിന്നീട് സുപ്രീംകോടതിയുടെ വെബ്സൈറ്റിൽ ഇടേണ്ടത് അസിസ്റ്റന്റ് രജിസ്ട്രാറുടെ ചുമതലയാണ്. അനിൽ അംബാനിയും കൂട്ടരും നേരിട്ടു ഹാജരാകണമെന്ന ഉത്തരവ് വെബ്സൈറ്റിൽ വന്നപ്പോൾ ഹാജരാകേണ്ടതില്ല എന്നായി മാറുകയായിരുന്നു. ഹർജിക്കാരായ സ്വീഡിഷ് കമ്പനിയായ എറിക്സന്റെ അഭിഭാഷകൻ മൂന്നു ദിവസം കഴിഞ്ഞപ്പോഴാണ് ഉത്തരവിലെ തെറ്റ് കണ്ടുപിടിച്ച് കേസ് കേട്ട ബെഞ്ചിന്റെ ശ്രദ്ധയിൽപെടുത്തിയത്. അന്വേഷണം നടത്തിയതിൽ ഉദ്യോഗസ്ഥർ അറിഞ്ഞുകൊണ്ടുതന്നെ കളിച്ച കളിയാണിതെന്ന് കോടതിക്കു ബോദ്ധ്യപ്പെട്ടു. തുടർന്നാണ് ഭരണഘടനയുടെ 311-ാം വകുപ്പ് നൽകുന്ന വിശേഷാധികാരം ഉപയോഗിച്ച് ചീഫ് ജസ്റ്റിസ് കറ്റക്കാരെന്നു കണ്ടെത്തിയ കോർട്ട് മാസ്റ്റർമാരായ മാനവ് ശർമ്മ, തപൻകുമാർ ചക്രവർത്തി എന്നിവരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടുകൊണ്ട് ഉത്തരവിറക്കിയത്. അംബാനിക്കു വേണ്ടി ഇരുവരും നടത്തിയ കൃത്രിമം അന്വേഷണത്തിൽ സംശയലേശമെന്യേ തെളിഞ്ഞിരുന്നു.

നീതിന്യായ സംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന് ഊനം തട്ടുന്ന എന്തെങ്കിലുമുണ്ടായാൽ അപരിഹാര്യമായ ചേതമാണുണ്ടാവുകയെന്നു പ്രത്യേകം പറയേണ്ടതില്ല. ജനാധിപത്യ സംവിധാനത്തിലെ നെടും തൂണുകളിൽ പ്രധാനപ്പെട്ടതാണ് ജുഡിഷ്യറി. സംശയത്തിന്റെ നേരിയ നിഴൽ പോലും അതിൽ വന്നു വീഴാൻ പാടില്ലാത്തതാണ്

രാജ്യത്തെ പരമോന്നത നീതിപീഠത്തിൽപ്പോലും സമ്പത്തും സ്വാധീനവുമുള്ളവർക്ക് ഒറ്റുകാരും പിണിയാളുകളുമുണ്ടെന്നു വന്നത് തികച്ചും അവിശ്വസനീയമാണ്. കോർട്ട് മാസ്റ്റർമാരിൽ നിന്നുണ്ടായത് അബദ്ധത്തിലുള്ള കൈപിഴയല്ലെന്ന് അന്വേഷണത്തിൽ തെളിഞ്ഞ സ്ഥിതിക്ക് ഇങ്ങനെയൊരു വ്യാജ ഉത്തരവിന്റെ ആനുകൂല്യം പറ്റാനിരുന്ന വ്യവസായ പ്രമുഖരുടെ നേരെയും സംശയത്തിന്റെ നിഴൽ നീളുന്നുണ്ട്. തുറന്ന കോടതിയിലും ചേംബറിലും ജഡ്ജിമാർ വാക്കാൽ പറയുന്ന ഉത്തരവുകൾ കുറിച്ചെടുത്ത് കക്ഷികളെ അറിയിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇതുപോലുള്ള കള്ളം കാണിക്കാൻ മുതിരുന്നത് അത്യപൂർവ സംഭവം തന്നെയാണ്. ഒരിക്കലും നടക്കാൻ പാടില്ലാത്ത ഏറെ ഗൗരവമുള്ള വിഷയമാണിത്. ഉദ്യോഗസ്ഥർക്ക് കൈയോടെ തന്നെ അർഹമായ ശിക്ഷ തന്നെ ലഭിച്ചുവെന്നതാണ് ഇരുണ്ട ഈ അദ്ധ്യായത്തെ പ്രകാശമാനമാക്കുന്ന ഘടകം.

സ്വീഡിഷ് കമ്പനിക്ക് അംബാനിയുടെ കമ്പനി 550 കോടി രൂപ നൽകാനുള്ളതിൽ വീഴ്ച വന്നപ്പോഴാണ് അവർ സുപ്രീംകോടതിയെ സമീപിച്ചത്. കഴിഞ്ഞ സെപ്തംബർ 30-ന് മുൻപ് തുക കൈമാറാൻ കോടതിയിൽ ഇരു കക്ഷികളും ധാരണയിലെത്തിയിരുന്നു. ഉറപ്പ് ലംഘിക്കപ്പെട്ടപ്പോഴാണ് എറിക്സൺ കോടതിയലക്ഷ്യ ഹർജിയുമായി വീണ്ടും കോടതിയിലെത്തിയത്.

നീതിന്യായ സംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന് ഊനം തട്ടുന്ന എന്തെങ്കിലുമുണ്ടായാൽ അപരിഹാര്യമായ ചേതമാണുണ്ടാവുകയെന്നു പ്രത്യേകം പറയേണ്ടതില്ല. ജനാധിപത്യ സംവിധാനത്തിലെ നെടും തൂണുകളിൽ പ്രധാനപ്പെട്ടതാണ് ജുഡിഷ്യറി. സംശയത്തിന്റെ നേരിയ നിഴൽ പോലും അതിൽ വന്നു വീഴാൻ പാടില്ലാത്തതാണ്. നീതി തേടി ജനങ്ങൾ അവസാനത്തെ അഭയമായി ആശ്രയിക്കുന്ന നീതിപീഠങ്ങളുടെ വിശ്വാസ്യതയിലാണ് ജനാധിപത്യത്തിന്റെ നിലനില്പു തന്നെ. കോടതി ഉദ്യോഗസ്ഥരെ സ്വാധീനിച്ചും കൈക്കൂലി നൽകിയും അനുകൂല ഉത്തരവ് സമ്പാദിക്കാമെന്ന തോന്നലുണ്ടാകുന്നതു തന്നെ നീതിപീഠത്തെ അവഹേളിക്കലാണ്. രാജ്യത്തെ സാമൂഹ്യ വ്യവസ്ഥ എത്രമാത്രം ദുഷിച്ചിരിക്കുന്നുവെന്നുള്ളതിന്റെ തെളിവു കൂടിയാണിത്. അധികാരത്തിന്റെ അകത്തളങ്ങൾ വരെ അഴിമതിക്കാർക്കായി തുറന്നു കിടക്കുന്നുണ്ടെന്നുള്ളത് രഹസ്യമൊന്നുമല്ല. എന്നാൽ നീതിപീഠങ്ങളെയും അതുപോലെ കാണാൻ ശ്രമിക്കുന്നവർക്കുള്ള താക്കീതാണ് തെറ്റുകാണിച്ചു ഉദ്യോഗസ്ഥരെ ഒറ്റയടിക്കു പിരിച്ചുവിട്ടുകൊണ്ടുള്ള ചീഫ് ജസ്റ്റിസിന്റെ നടപടി. സകല മേഖലകളിലും കൊടികുത്തി വാഴുന്ന അഴിമതിയിൽ സാധാരണക്കാർ ശ്വാസം മുട്ടുകയാണ്. ഉന്നതങ്ങളിലെ അഴിമതി തടയാനുള്ള സംവിധാനത്തിനായി അന്നാഹസാരെയെപ്പോലുള്ളവർ പലവരു ഉണ്ണാവ്രതം അനുഷ്ഠിക്കേണ്ടിവരുന്നു. പതിറ്റാണ്ടുകളായി ലോകായുക്തയ്ക്കായി രാജ്യം കാത്തിരിക്കുകയാണ്. ഇനിയും ആ അസുലഭ സംവിധാനം പ്രാബല്യത്തിലായിട്ടില്ല. അതിനിടയിലാണ് കോടതി ഉത്തരവിനു പോലും ചിലർ മറുഭാഷ്യം രചിക്കുന്നത്. കോടതി ഉത്തരവ് മാറ്റി എഴുതിച്ച് നേരിട്ടു ഹാജരാകുന്നതിൽ നിന്ന് ഒഴിവാകാമെന്നു കരുതിയ വ്യവസായ പ്രമുഖന്റെ വങ്കത്തമാണ് അതിനെക്കാൾ വിശേഷം. തെറ്റ് തിരുത്തപ്പെട്ടുവെങ്കിലും അതു നൽകുന്ന സന്ദേശം ആശങ്കയുളവാക്കുന്നതു തന്നെയാണ്.

ഉയരട്ടെ വ്യവസായം ...മാറട്ടെ സമീപനം

വെള്ളാപ്പള്ളി നടേശൻ

മാനേജിംഗ് എഡിറ്റർ, യോഗനാദം

(യോഗനാദം ഫെബ്രുവരി 16 ലക്കത്തിലെ മുഖപ്രസംഗം)

ലോകം ഇന്ന് വലിയ വികസനത്തിന്റെ പാതയിലൂടെ അതിവേഗം മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അതിനൊപ്പം സഞ്ചരിച്ചാൽ മാത്രമേ നമുക്ക് നിലനിൽക്കാൻ കഴിയൂ. ഒരു രാജ്യത്തിന്റെ വികസനത്തിന് വ്യവസായം ഒരു പ്രധാനഘടകമാണ്. സൗഹൃദാന്തരീക്ഷത്തിൽ വ്യവസായം നടത്താനുള്ള സാഹചര്യം സൃഷ്ടിച്ചാൽ മാത്രമേ സംരംഭകരെ നമുക്ക് ആകർഷിക്കാൻ കഴിയുകയുള്ളൂ. സർക്കാർ സംരംഭങ്ങളെ ആശ്രയിച്ച് ഒരു രാജ്യത്തിനും മുന്നോട്ട് പോകുവാനാവില്ല. പങ്കാളിത്ത വികസന പദ്ധതികൾ അതോടൊപ്പം സംരംഭക പദ്ധതികൾ എന്നിവ ചേരുമ്പോഴാണ് വികസന പദ്ധതികൾ പൂർണമാകുന്നത്. ഈ രൂപത്തിലുള്ള പദ്ധതി നടത്തിപ്പിലൂടെ ഒരു സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വിപ്ലവകരമായ പരിവർത്തനം നടത്താൻ കഴിയും. ആ നിലയിലാണ് വികസനകാര്യത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളും രാജ്യങ്ങളും സ്വീകരിച്ചു പോരുന്ന ഒരു നയസമീപനം. ആ വികസന കാര്യത്തിൽ ഭരണപക്ഷമോ പ്രതിപക്ഷമോ അവകാശം ഉന്നയിക്കാറുമില്ല. അത് ആ നാടിന്റെ വികസനമാണ്, അത് ജനങ്ങളുടെ വികസനമാണ്. എന്നാൽ കേരളത്തിലെ സ്ഥിതി പലപ്പോഴും നിരാശാജനകമാണ്. സാക്ഷരകേരളമാണ്, സാംസ്കാരിക കേരളമാണ് ആരോഗ്യ കേരളമാണ് ഒപ്പം രാഷ്ട്രീയ കേരളവുമാണ്. നാം എല്ലാത്തിലും രാഷ്ട്രീയ താത്പര്യങ്ങൾ മുൻനിറുത്തി നിലപാടുകൾ എടുക്കുമ്പോൾ മറ്റുള്ളവർ വികസന നിലപാടുകൾക്ക് മുൻതൂക്കം കൊടുക്കുന്നു. ഇത്തരത്തിൽ ശാസ്ത്രീയ വീക്ഷണമില്ലാത്ത ഇടപെടലുകൾ മൂലം എത്രയെത്ര വ്യവസായങ്ങളാണ് മറ്റ് സംസ്ഥാനങ്ങളിലേക്ക് പറിച്ചു നടുന്നത്. കയർ, കൈത്തറി, കശുഅണ്ടി എന്നീ പരമ്പരാഗത വ്യവസായങ്ങൾ ഇവിടം വിട്ടുപോയത് അശാസ്ത്രീയ നിലപാടുകളും തീരുമാനങ്ങളും മൂലം ആയിരുന്നു. എല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇതിന് ഉത്തരവാദികളാണ്.

രാഷ്ട്രീയ ലക്ഷ്യത്തിനോ വ്യക്തിപരമായ താത്പര്യത്തിനോ വേണ്ടി തൊഴിലാളികളെ മറയാക്കി നടത്തിയ സമരങ്ങളിലൂടെ പൂട്ടിപ്പോയത് എത്രയെത്ര വ്യവസായങ്ങളാണ്. അവിടെയെല്ലാം തൊഴിലാളികളുടെ പേരുപറഞ്ഞ് നടത്തിയ തീഷ്ണമായ സമരത്തിലൂടെ തൊഴിൽ നഷ്ടപ്പെട്ടവർ ഒന്നുകിൽ അതിനെക്കാൾ കറഞ്ഞ കൂലിയിൽ പണിയെടുക്കേണ്ടി വരുക അല്ലെങ്കിൽ തൊഴിൽരഹിതരായി മാറുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. പുതിയ സംരംഭകർക്ക് കേരളത്തിലേക്ക് വരണമെങ്കിൽ ഇതൊരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറണം. അതിന് എല്ലാവരുടേയും മനോഭാവത്തിൽ കാതലായ മാറ്റം ഉണ്ടാവണം. രാഷ്ട്രീയ നേതൃത്വം കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് പരിവർത്തനപ്പെടണം. പഴയ ജന്മി കുടിയാൻ കാലഘട്ടത്തിലെപ്പോലെ ചൂഷകരും ചൂഷിതരും എന്ന മനോഭാവമാണ്. വ്യവസായികളെല്ലാം ചൂഷകരാണെന്ന ഒരു വ്യവസ്ഥിതിയുടെ പ്രേതം ഇപ്പോഴും മരിച്ചിട്ടില്ലാത്ത രാഷ്ട്രീയ സംസ്കാരം നമ്മുടെ നാടിന്റെ ശാപമാണ്. അതേപോലെതന്നെ പണ്ടത്തെ ഡ്രൈവർമാരെപോലെ യാത്രക്കാരെ റോഡിൽ ഓടിക്കുന്ന മനോഭാവത്തോടെ സംരംഭകരെ നിരാശയിലാക്കുന്ന ഉദ്യോഗസ്ഥ മനോഭാവവും അഭിമാനബോധത്തോടെ വന്നിറങ